11

# ക്രൂശിൽ നിന്നുള്ള പ്രസ്താവനകൾ

**മത്തായി 27; മർക്കൊസ് 15;**
**ലൂക്കൊസ് 23; യോഹന്നാൻ 19**

*"എന്നാൽ യേശു, 'പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്ക കൊണ്ടു; ഇവരോടു ക്ഷമിക്കേണമേ, എന്നു പറഞ്ഞു'" (ലൂക്കൊസ് 23:34).*

ക്രൂശിനെ പോലെ മറ്റൊന്നും ദൈവത്തെ വെളിപ്പെടുത്തുകയോ, ക്രൂശിൽ തറെക്കൽ പോലെ മറ്റൊന്നും മനുഷ്യന്റെ അവസ്ഥയെ എടുത്തു കാണിക്കയോ ചെയ്തിട്ടില്ല. ക്രൂശ് അറപ്പുളവാക്കുന്നതും, വിചിത്ര രൂപവുമായിരുന്നു; ദൈവത്തിനു മാത്രമെ ക്രൂശിലെ മരണത്തെ മാഹാത്മ്യമുള്ളതാക്കുവാൻ കഴിയൂ. കുഴപ്പവും, ദൈവ നിന്ദയും, യാതനയും, വേദനയും ദ്രോഹപരവുമായിരുന്നു ക്രൂശിൽ തറക്കൽ.

നമുക്കു ക്രൂശിൽ വലിയ തത്വശാസ്ത്രം ഒന്നും ഉള്ളതായി പ്രതീക്ഷിക്കുവാനില്ല, എങ്കിലും ചരിത്രത്തിലെ ഏറ്റവും വലിയ പ്രസ്താവനകളിൽ ചിലതു ക്രൂശിൽ നിന്നുണ്ടായിട്ടുണ്ട്. ഏഴ് പ്രസ്താവനകൾ ക്രൂശിൽ വച്ച് യേശു രൂപപ്പെടുത്തി. ആദ്യത്തെ മൂന്നും മറ്റുള്ളവരെ കുറിച്ചുള്ളതാണ്; അവസാനത്തെ നാലും അവനെ കുറിച്ചുള്ളതാണ്.

*പാപമോചനം.* യേശു ആദ്യം പറഞ്ഞു, "പിതാവേ, അവർ ചെയ്യുന്നതു എന്ത് എന്ന് അറിയായ്കയാൽ; അവരോടു ക്ഷമിക്കേണമേ" (ലൂക്കൊസ് 23:34). അതൊരു പ്രഖ്യാപനം ആയിരുന്നില്ല, പ്രാർത്ഥനയായിരുന്നു. യേശുവിന്റെ ആദ്യത്തെയും അവസാനത്തെയും പ്രസ്താവനകൾ അവന്റെ പിതാവിനോടുള്ള പ്രാർത്ഥനയായിരുന്നു.

തന്നെ ഉപദ്രവിച്ചവരോടു കരുണ കാണിക്കുവാനായിരുന്നു യേശു ആഗ്രഹിച്ചത്. എങ്ങനെയായാലും, ദൈവത്തിൽ നിന്നു പാപമോചനം ലഭിക്കുവാനായി, യേശുവിനെ ക്രൂശിൽ തറെച്ചവർ ബൈബിൾ പ്രകാരമുള്ള മാനസാന്തരത്തിനും തുടർന്നുണ്ടാകുന്ന നിരപ്പിനും കീഴ്പ്പെടേണ്ടിയിരുന്നു.

തന്നെ ക്രൂശിൽ ആണി അടിച്ചവരെ നോക്കി യേശു പറഞ്ഞു,

"നിങ്ങൾ ദൈവത്തിന്റെ പാപമോചനത്തെ കുറിച്ചു അറിയണം." ക്രൂശിൽ പ്രാർത്ഥന വളരെ വിരളമാണ്. തൂക്കിക്കൊല്ലുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു ചിന്തിക്കുവാനേ സാധ്യമല്ല. എങ്ങനെയായാലും, അതാണ് യേശു ചെയ്തതു. മരിച്ചുകൊണ്ടിരുന്നപ്പോഴും, ദൈവപുത്രനെ കൊല്ലുക എന്ന കൃത്യം ചെയ്തവരുടെ പാപം ക്ഷമിക്കപ്പെടാനാണ് യേശു ക്രൂശിൽ വെച്ചു പ്രാർത്ഥിച്ചത്. ആദ്യ മണിക്കൂറുകളിൽ യേശു ഇതു ആവർത്തിച്ചുകൊണ്ടിരുന്നു എന്നാണ് ചില പണ്ഡിതന്മാർ കരുതുന്നത്. ലോകം അറിഞ്ഞിട്ടില്ലാത്ത ഏറ്റവും വലിയ പാപമോചന പ്രകടനം ആയിരുന്നു ക്രൂശ്.

*രക്ഷ.* തന്നോടു കൂടെ ക്രൂശിൽ തറെച്ച കള്ളനോടു യേശു പറഞ്ഞു, "... ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" (ലൂക്കൊസ് 23:43). ആദ്യത്തെ പ്രസ്താവന പൊതുവിൽ ജനക്കൂട്ടത്തിനും, രണ്ടാമത്തേതു പ്രത്യേകിച്ചു കള്ളനുവേണ്ടിയും ആയിരുന്നു. പാപബോധമുള്ള കള്ളൻ മരണശേഷം തന്നോടൊപ്പം ആയിരിക്കും എന്നാണ് യേശു വാഗ്ദാനം ചെയ്തത്!

നമ്മേക്കാൾ നഷ്ടപ്പെട്ടവനായിരുന്നോ ക്രൂശിലെ കള്ളൻ? പാപത്തിൽ - മുങ്ങിയ പാപികളെ രക്ഷിക്കുവാൻ രക്തം പുരണ്ട രക്ഷകൻ വേണം! പാപങ്ങളെ മോചിച്ചു കൊടുക്കുവാനുള്ള ശക്തി യേശുവിനുണ്ടായിരുന്നു (മത്തായി 9:6; മർക്കൊസ് 2:10; ലൂക്കൊസ് 5:24).

യേശു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടും എന്നു യെശയ്യാ പ്രവാചകൻ പ്രവചിച്ചിരുന്നു (യെശയ്യാവു 53:12). രണ്ടു കള്ളന്മാർക്കിടയിൽ അവനെ ക്രൂശിക്കപ്പെട്ടു.

*ഉത്തരവാദിത്വം.* യേശു പറഞ്ഞു, "സ്ത്രീയേ, ഇതാ നിന്റെ മകൻ!" (നോക്കുക യോഹന്നാൻ 19:26, 27). ആ "സ്ത്രീ" യേശുവിന്റെ അമ്മയായ, മറിയ ആയിരുന്നു. "മകൻ" യോഹന്നാനായിരുന്നു.

യേശു തന്റെ അമ്മയെ കണ്ടു. തന്റെ അമ്മയെക്കുറിച്ചുള്ള കരുതൽ നിമിത്തം, വേദന മറന്നു, അവൻ പറഞ്ഞു, "യോഹന്നാനേ, നീ അവളെ നോക്കിക്കൊൾക." അതു സ്ഥിരമായ ഏർപ്പാടായിരുന്നില്ല. ആ ദിവസത്തേക്ക് അതു ആവശ്യമായിരുന്നു.

*ആർദ്രത.* "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" (മത്തായി 27:46; മർക്കൊസ് 15:34). ഇതു സങ്കീർത്തനങ്ങൾ 22:1-ൽ നിന്ന് ഉദ്ധരിച്ചതാണ്. ആ സമയം മുതൽ, യേശുവിന്റെ വാക്കുകൾ തന്നെ കുറിച്ചും പിതാവിനെ കുറിച്ചും മാത്രം ആയിരുന്നു.

നിത്യതയിൽ ആ സമയത്തു മാത്രമായിരുന്നു യേശുവും ദൈവവും വേർപിരിഞ്ഞതു. യേശു തോട്ടത്തിൽ വെച്ചു അവന്റെ ദുഃഖം "മരണവേദന പോലെ" ആയി എന്നു പറഞ്ഞതിൽ അതിശയിക്കുവാനില്ല (മത്തായി 26:38).

ദൈവം യേശുവിനെ കൈവിട്ടില്ല; അവൻ പാപത്തെയാണ് ഉപേക്ഷിച്ചത്! ദൈവം ഉപേക്ഷിക്കുന്നതു തന്നെ ഉപേക്ഷിച്ച പാപികളെയാണ്. ക്രൂശിൽ വെച്ചു യേശു രണ്ടു പ്രാവശ്യം ദൈവത്തെ വിളിച്ചപേക്ഷിച്ചു. ഇവിടെ, ദൈവം ദൈവം തന്നെയെന്ന് അവൻ കണ്ടു. നമ്മെ എന്നേക്കുമായി സ്വീകരിക്കുവാൻ, ദൈവത്തിനു തന്റെ പുത്രനെ താല്ക്കാലികമായി വിട്ടുകളയേണ്ടി വന്നു. അതു ക്രൂശിന്റെ മർമ്മത്തിന്റെ ഭാഗ

മാണ്.

സാധാരണപോലെ, മനുഷ്യനു ആ പോയിന്റ് മനസ്സിലായില്ല. ആളുകൾ വിചാരിച്ചതു യേശു യേലിയാവെ വിളിച്ചു എന്നാണ്! യേശു ആണിക്കുന്തത്തിലോ, മരണത്തിലോ ഭയപ്പെട്ടിരുന്നില്ല, എന്നാൽ പാപിയായി തീർന്നപ്പോഴുണ്ടായ ഏകാന്തതയെ അവൻ ഭയപ്പെട്ടിരുന്നു. അതു അവനു എത്ര ഭീതിജനകമായിരുന്നു! പാപം ദൈവത്തിനു എന്തെല്ലാമാണോ യേശു അതെല്ലാമായി, അവന് എല്ലാ കഷ്ടതയും യാതനയും *ഏകനായി* അഭിമുഖീകരിക്കേണ്ടി വന്നു! അവൻ ഒരിക്കലും തന്നെത്താൻ രക്ഷിപ്പാൻ ശ്രമിച്ചില്ല. പകരമായി അനുഭവിക്കുന്ന അവന്റെ മരണത്തിന്റെ ആഴം അതാണ്. അവൻ നമ്മെ രക്ഷിക്കുവാൻ ആണ് ശ്രമിക്കുന്നതെങ്കിൽ, തന്നെത്താൻ രക്ഷിക്കുവാൻ കഴിയുമായിരുന്നില്ല. അവനു രണ്ടും ചെയ്യുവാൻ കഴിയുമായിരുന്നില്ല.

*ദാഹം.* നീണ്ട ആറു മണിക്കൂറിനുശേഷം, അവൻ പറഞ്ഞു, "എനിക്കു ദാഹിക്കുന്നു" (യോഹന്നാൻ 19:28; കെജെവി). അവന്റെ വാക്കുകൾ മറ്റൊരു തിരുവെഴുത്ത് നിറവേറലായിരുന്നു (സങ്കീർത്തനങ്ങൾ 69:21).

യേശു ക്രൂശിൽ സംസാരിച്ച എല്ലാ പ്രസ്താവനകളും എല്ലാ സുവിശേഷങ്ങളിലും ഇല്ല. അടിസ്ഥാനപരമായി, ഒരെഴുത്തുകാരൻ മറ്റുള്ളവർ പറയാതിരുന്നതു വെളിപ്പെടുത്തിയിരിക്കുന്നു.

യേശു ക്രൂശിൽ വെച്ചു തന്റെ എല്ലാ ഇന്ദ്രിയങ്ങളെയും മനസ്സിനെയും സ്പഷ്ടമായി സൂക്ഷിച്ചിരുന്നു. തന്റെ ഇന്ദ്രിയങ്ങളെ മന്ദീഭവിക്കുന്ന പാനീയം അവൻ ആദ്യം നിഷേധിച്ചിരുന്നു. ഇവിടെ, അവൻ കുടിപ്പാൻ ആവശ്യപ്പെട്ടതു തന്റെ ഇന്ദ്രിയങ്ങളെ ഉണർത്തി നിർത്തേണ്ടതിനായിരുന്നു. അവൻ ക്രൂശിന്മേൽ തന്റെ ആത്മ സംയമനവും ജാഗ്രതയും സൂക്ഷിച്ചിരുന്നു.

ക്രൂശിൽ വെച്ചു അവന് ധാരാളം വേദനകളും അസുഖകരമായ പല അവസ്ഥകളും നേരിട്ടു എങ്കിലും, ദാഹിക്കുന്നു എന്നു മാത്രമെ പറഞ്ഞുള്ളൂ. ക്രൂശിൽ വെച്ചു ഈ ഒരേ ഒരു ഭൗതികമായ ആവശ്യം അടങ്ങുന്ന രണ്ടു വാക്കുകൾ മാത്രമാണ് പറഞ്ഞത്. ആ ഒരു വ്യക്തിപരമായ ആവശ്യമേ അവൻ ഉന്നയിച്ചുള്ളൂ. അവന്റെ ചെറിയ ആ പ്രസ്താവന ശക്തി - ഉള്ളതും ചിന്തനീയവുമാണ്. തന്റെ ദൗത്യം അവൻ പൂർത്തിയാക്കി എന്നറിഞ്ഞശേഷമാണ് (യോഹന്നാൻ 19:28) അവൻ വെള്ളം ചോദിച്ചത്.

*വിജയം.* അവൻ പറഞ്ഞു, "നിവൃത്തിയായി!" (യോഹന്നാൻ 19:30). ഗ്രീക്കിൽ അതു ഒറ്റവാക്കാണ് - *ടെറ്റെലെസ്തായി.* ഉപയോഗിച്ചതിൽ വെച്ചു ഏറ്റവും വലിയ ഒറ്റ വാക്കാണിത്. ആ വാക്കു നാം കേൾക്കുമ്പോൾ, എത്ര കുറവാണ് നമ്മുടെ അറിവെന്നു നാം തിരിച്ചറിയുന്നു. വീണ്ടെടുപ്പു പദ്ധതി മുഴുവനും, ഒറ്റ വാക്കിൽ ഒതുക്കുവാൻ യേശുവിനു മാത്രമെ കഴിയൂ![1]

നമ്മുടെ രക്ഷ എന്തെന്നു മനസ്സിലാക്കുവാൻ നമുക്കു നിത്യത മുഴുവൻ വേണ്ടിവന്നേക്കാം! ദൈവം ആഗ്രഹിച്ചതു മുഴുവൻ ചെയ്തത് യേശു മാത്രമാണ്! അവൻ പറഞ്ഞു, *"ടെറ്റെലെസ്തായി!"* യേശു

വന്നതു ദൈവേഷ്ടം ചെയ്യുവാനാണ്. അവൻ അതു ചെയ്യുകയും ചെയ്തു! പാപത്തിൽ നഷ്ടപ്പെട്ട, മനുഷ്യന്, ഇപ്പോൾ ഒരു രക്ഷകൻ ഉണ്ട്. *ഹല്ലേലുയ്യ!*

*വിശ്വാസം.* യേശു പറഞ്ഞു, "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു" (ലൂക്കൊസ് 23:46). സംശയത്തിലല്ല അവൻ മരിച്ചത്. സന്തോഷകരമായ വിശ്വാസത്തോടു കൂടെയാണ് അവൻ മരിച്ചത്!

അതെ, മനുഷ്യർ മാനുഷിക അർത്ഥത്തിൽ യേശുവിനെ കൊന്നു, എന്നാൽ മറ്റൊരർത്ഥത്തിൽ മനുഷ്യർ അതു ചെയ്തില്ല എന്നു പറയാം. എപ്പോൾ മരിക്കണമെന്നും എപ്പോൾ ഉയിർത്തെഴുന്നേല്ക്കണമെന്നും യേശു തീരുമാനിച്ചതാണ്. അവൻ പറഞ്ഞു, "ആരും അതിനെ [എന്റെ ജീവൻ] എന്നോടു എടുത്തു കളയുന്നില്ല, ഞാൻ തന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ട്, വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട് " (യോഹന്നാൻ 10:18). പിലാത്തൊസിനുണ്ടായിരുന്ന അധികാരം ദൈവത്താൽ ലഭിച്ചതാണ് എന്നു യേശു പിലാത്തൊസിനോടു പറഞ്ഞിരുന്നു (യോഹന്നാൻ 19:10, 11). യേശുവിന്റെ ആത്മാവിനെ ആരും അവനിൽ നിന്നു എടുത്തില്ല; അവൻ അതു സ്വയമായി പിതാവിനു ഏല്പിച്ചു കൊടുത്തു.

യേശു ജീവിച്ചതു എങ്ങനെ എന്നു ചിന്തിക്കുക! യേശു മരിച്ചതു എങ്ങനെ എന്നും ചിന്തിക്കുക! അവന്റെ അവസാന വാക്കുകളും ഒരു തിരുവെഴുത്തു നിവർത്തീകരണം ആയിരുന്നു (സങ്കീർത്തനങ്ങൾ 31:5). വചനം ആയിരുന്ന, യേശു (യോഹന്നാൻ 1:1), "വചനത്തെ" ബഹുമാനിച്ചു. അതിനോടു നമ്മുടെയും മനോഭാവം അതു തന്നെ ആയിരിക്കണം!

യേശു വിജയിയായി സംസാരിച്ചു!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]പാപത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതി (എബ്രായർ 2:9).

© 2009 Truth for Today